**ഹാംബർഗില് നടക്കുന്ന ജി 20 ഉച്ചകോടിയില് റിപ്പബ്ലിക് ഓഫ് കൊറിയയുടെ പ്രസിഡണ്ട്, ഇറ്റലിയുടെ പ്രധാനമന്ത്രി , നോര്വേയുടെ പ്രധാനമന്ത്രി എന്നിവരുമായി പ്രധാനമന്ത്രി ചര്ച്ചകള് നടത്തി**

ജൂലൈ 08, 2017

.

ഹാംബർഗില് നടക്കുന്ന ജി 20 ഉച്ചകോടിക്കിടെ റിപ്പബ്ലിക് ഓഫ് കൊറിയയുടെ പ്രസിഡണ്ട് ഹിസ് എക്സലൻസി ശ്രീ മൂണ് ജെ ഇന്നുമായി പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തി. പ്രസിഡണ്ട് തെരഞ്ഞെടുപ്പില് വിജയം നേടിയതിനു പ്രധാനമന്ത്രി മോദി പ്രസിഡണ്ട് മൂണിനു വ്യക്തിപരമായി ആശംസകള് നേർന്നു. പ്രധാനമന്ത്രിയുടെ അഭിനന്ദന ഫോണ് വിളിയും കൊറിയന് ഭാഷയിലെ ടീറ്റും പ്രസിഡണ്ട് ഓർക്കുകയും അത് കൊറിയയിലെ ജനങ്ങള് വളരെ ഊഷ്മളതയോടെ സ്വീകരിച്ചു എന്നും അദ്ദേഹം പറയുകയുണ്ടായി. ഇന്ത്യയും സൌത്ത് കൊറിയയും തമ്മിലുള്ള വിശേഷപ്പെട്ട തന്ത്രപ്രധാന പങ്കാളിത്തം , പ്രത്യേകിച്ചും മേക്ക് ഇന് ഇന്ത്യ, ഡിജിറ്റല് ഇന്ത്യ, സ്റ്റാർട്ട് അപ്പ് ഇന്ത്യ പോലുള്ള പദ്ധതികളിലെ പങ്കാളിത്തത്തിലൂടെ കൂടുതല് വികസിപ്പിക്കുവാനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു നേതാക്കളും പ്രകടിപ്പിച്ചു. ഏറ്റവും അടുത്ത ദിനങ്ങളില് ഇന്ത്യ സന്ദർശിക്കുവാന് പ്രധാനമന്ത്രി പ്രസിഡണ്ട് മൂണിനെ ക്ഷണിക്കുകയും അദ്ദേഹം ക്ഷണം സ്വീകരിക്കുകയും ചെയ്തു

ഇറ്റലിയുടെ പ്രധാനമന്ത്രി ഹിസ് എക്സലൻസി ശ്രീ പാവ്ലൊ ജെന്തോലിനിയുമായി പ്രധാനമന്ത്രി ചർച്ചകള് നടത്തി, ഉഭയകക്ഷി ബന്ധങ്ങള് പ്രോത്സാഹിപ്പിക്കുന്നതില് പ്രത്യേകിച്ചും വ്യാപാരം നിക്ഷേപം ജനങ്ങള് തമ്മിലുള്ള ബന്ധങ്ങള് തുടങ്ങിയവയില് കേന്ദ്രീകരിച്ചായിരുന്നു ചർച്ച . ഇന്ത്യയില് ഈ വർഷം നടക്കുവാന് പോകുന്ന വേൾഡ് ഫുഡ് ഇന്ത്യ- ഭക്ഷ്യ സംസ്ക്കരണ പ്രദര്ശനത്തില് പങ്കെടുക്കുവാന് പ്രധാനമന്ത്രി ഇറ്റലിയെ ക്ഷണിച്ചു . ഉഭയകക്ഷി സാമ്പത്തിക സഹകരണം ശക്തമാക്കുന്നതിന് ഇരു രാജ്യങ്ങളിലെയും ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ ഇപപാടുകള് പ്രോത്സാഹിപ്പിക്കുന്നതിലെ പ്രാധാന്യത്തെ ഇരു നേതാക്കളും ഊന്നി പറഞ്ഞു . തന്റെ രാജ്യത്തെ ഇന്ത്യന് നിക്ഷേപങ്ങളെ പ്രത്യേകിച്ചും വ്യവസായ മേഖലയിലെ നിക്ഷേപങ്ങളെ ഇറ്റലിയുടെ പ്രധാനമന്ത്രി അഭിനന്ദിച്ചു. കാലാവസ്ഥാ വ്യതിയാനങ്ങള് തടയുന്നതിനും ആഫ്രിക്കയിലെ വികസനങ്ങള് പ്രോത്സാഹിപ്പിക്കുന്നതിനും സുസ്ഥിരമായ പരിഹാരങ്ങള് കണ്ടെത്തുന്നതിനു ഒരുമിച്ചു പ്രവർത്തിക്കുവാനുള്ള മാർഗങ്ങള് ഇരു രാജ്യങ്ങളും ചർച്ച ചെയ്തു

നോർവേയുടെ പ്രധാനമന്ത്രി ഹേര് എക്സലൻസി മിസ് എര്ണ സോൾബെർഗുമായി പ്രധാനമന്ത്രി മോദി ഉഭയകക്ഷി കാര്യങ്ങള് ചർച്ച ചെയ്തു പ്രത്യേകിച്ചും സാമ്പത്തിക ബന്ധങ്ങള് ശക്തമാക്കുന്നതിനായിരുന്നു അവര് ഊന്നല് നൽകിയത് . ദേശീയ നിക്ഷേപം അടിസ്ഥാന സൌകര്യ ഫണ്ട് എന്നിവയില് നോർവീജിയന് പെൻഷന് ഫണ്ടുകളുടെ പങ്കാളിത്തം പ്രധാനമന്ത്രി മോദി ക്ഷണിച്ചു. യുഎൻജിയെയുമായി ബന്ധപ്പെട്ടുള്ള ഓഷ്യൻസ് കോൺഫറൻസില് പങ്കെടുക്കുവാന് പ്രധാനമന്ത്രി നോർവേയെ ക്ഷണിച്ചു . സുസ്ഥിര വികസന ലക്ഷ്യങ്ങള് ( സസ്റ്റെയ്നബിള് ഡെവലപ്മെന്റ് ഗോള് - എസ് ഡിജി) നേടുവാനുള്ള സഹകരണത്തെ പ്രതീകവത്കരിക്കുന്നതിനു ചർച്ചയുടെ അവസാനം എസ്ഡിജി മുദ്രണം ചെയ്ത ഒരു ഫുട്ബോള് പ്രധാനമന്ത്രി സോൾബെർഗ് പ്രധാനമന്ത്രി മോദിക്ക് സമ്മാനിച്ചു

ന്യൂഡെൽഹി
8 ജൂലൈ 2017